**കേരള സർക്കാർ**

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**

**നവംബർ**

**NOVEMBER 17 2016**

# പത്രക്കുറിപ്പ്



**സ്വാമിയേ ശരണമയ്യപ്പ**

www.prd.kerala.gov.in, diopta1@gmail.com ഫോൺ : 0468-2222657

## ആംബുലൻസ് സൗകര്യങ്ങളോടെ റസ്ക്യു വെഹിക്കിൾ എത്തി

ശബരിമലയിൽ അടിയന്തിര സാഹചര്യങ്ങളിൽ ഉപയോഗിക്കുന്നതിനായി എമർജൻസി റെസ്ക്യു വെഹിക്കിൾ എത്തി. ആംബുലൻസ് സൗകര്യങ്ങളോടുകൂടിയ വാഹനമാണ് ശബരി മലയിലെത്തിയത്. ചെന്നൈ സ്വദേശികളായ കൃഷ്ണമൂർത്തി, ശിവസ്വാമി എന്നിവരാണ് തിരു വിതാംകൂർ ദേവസ്വത്തിന് വാഹനം നൽകിയത്. ദേവസ്വം ബോർഡ് പ്രസിഡന്റ് പ്രയാർ ഗോ പാലകൃഷ്ണൻ, അംഗം അജയ് തറയിൽ എന്നിവർ ചേർന്ന് വാഹനം ഏറ്റുവാങ്ങി.

10 മിനിട്ട് കൊണ്ട് ശരണപാതയിലൂടെ പമ്പയിൽ നിന്നും സന്നിധാനത്ത് വാഹനമെ ത്തും. പരിക്കേറ്റവരേയും അടിയന്തിര ശുശ്രൂഷ ആവശ്യമായവരേയും വാഹനത്തിൽ കൊണ്ടുപോകാനാണ് ഉദ്ദേശിക്കുന്നത്. മെഡിക്കൽ ഓഫീസറുടെ നിർദേശാനുസരണമായി രിക്കും ചികിത്സ ആവശ്യമുള്ളവരെ വാഹനത്തിൽ കൊണ്ടുപോവുക.

## ചായയ്ക്ക് 10, പച്ചരി ഊണിന് 55

ശബരിമല തീർഥാടനത്തോടനുബന്ധിച്ച് സന്നിധാനത്ത് ചായയ്ക്ക് 10 രൂപയും സാ മ്പാർ, രസം, മോര്, പുളിശേരി, തോരൻ, അവിയൽ, അച്ചാർ എന്നിവയോടുകൂടിയ പച്ചരി ഊ ണിന് 55 രൂപയും നിശ്ചയിച്ചു. പുഴുക്കലരി ഊണിന് 52 രൂപയാണ്. ജില്ലാ കളക്ടർ നിശ്ചയിച്ച വിലനിലവാരം കടകൾക്ക് നൽകി. സന്നിധാനം, പമ്പ, ളാഹ, തുലാപ്പള്ളി എന്നിവിടങ്ങളിലെ സ സ്യാഹാരശാലകളിലെ വിലനിലവാരമാണ് പ്രസിദ്ധീകരിച്ചത്. മിൽമ ഉത്പന്നങ്ങൾക്ക് എം.ആർ.പി ഈടാക്കും.

| ക്രമ നമ്പർ | ഇനം | അളവ് | സന്നിധാനം | പമ്പ/നിലയ്ക്കൽ | ഓഹ/തുലാപ്പള്ളി |
|---|---|---|---|---|---|
| 1. | ചായ | 150 മില്ലി | 10.00 | 9.00 | 9.00 |
| 2. | കാപ്പി | 150 മില്ലി | 11.00 | 10.00 | 10.00 |
| 3. | കടുംകാപ്പി/കടുംചായ | 150 മില്ലി | 8.00 | 7.00 | 7.00 |
| 4. | ചായ/കാപ്പി (മധുരമില്ലാത്തത്) | 150 മില്ലി | 9.00 | 8.00 | 8.00 |
| 5. | ഇൻസ്റ്റന്റ് കാപ്പി (മെഷീൻ കോഫി (ബ്രൂ/നെസ് കഫേ/ബ്രാൻഡഡ്) | 150 മില്ലി | 14.00 | 13.00 | 13.00 |
| 6. | ബോൺവിറ്റ/ഹോർലിക്സ് | 150 മില്ലി | 15.00 | 14.00 | 14.00 |
| 7. | പരിപ്പുവട | 40 ഗ്രാം | 11.00 | 10.00 | 10.00 |
| 8. | ഉഴുന്നുവട | 40 ഗ്രാം | 11.00 | 10.00 | 10.00 |
| 9. | ബോണ്ട | 75 ഗ്രാം | 9.00 | 8.00 | 8.00 |
| 10. | ഏത്തയ്ക്ക അപ്പം (പകുതി ഏത്തയ്ക്ക) | 50 ഗ്രാം | 11.00 | 10.00 | 10.00 |
| 11. | ബജി | 30 ഗ്രാം | 8.00 | 7.00 | 7.00 |
| 12. | ദോശ (ഒരെണ്ണം) (ചട്നി, സാമ്പാർ ഉൾപ്പടെ) | 50 ഗ്രാം | 9.00 | 8.00 | 8.00 |
| 13. | ഇഡ്ഢലി (ഒരെണ്ണം) (ചട്നി, സാമ്പാർ ഉൾപ്പടെ) | 50 ഗ്രാം | 9.00 | 8.00 | 8.00 |
| 14. | ചപ്പാത്തി (ഒരെണ്ണം) | 40 ഗ്രാം | 9.00 | 8.00 | 8.00 |
| 15. | പൂരി (ഒരെണ്ണം) | 40 ഗ്രാം | 9.00 | 8.00 | 8.00 |
| 16. | പൊറോട്ട (ഒരെണ്ണം) | 60 ഗ്രാം | 10.00 | 9.00 | 9.00 |
| 17. | പാലപ്പം | 50 ഗ്രാം | 9.00 | 8.00 | 8.00 |
| 18. | ഇടിയപ്പം | 50 ഗ്രാം | 9.00 | 8.00 | 8.00 |
| 19. | നെയ്റോസ്റ്റ് | 150 ഗ്രാം | 38.00 | 35.00 | 35.00 |
| 20. | മസാല ദോശ | 200 ഗ്രാം | 45.00 | 40.00 | 40.00 |
| 21. | പീസ് മസാല | 100 ഗ്രാം | 22.00 | 20.00 | 20.00 |
| 22. | കടലക്കറി | 100 ഗ്രാം | 22.00 | 20.00 | 20.00 |
| 23. | കിഴങ്ങുകറി | 100 ഗ്രാം | 22.00 | 20.00 | 20.00 |
| 24. | ഉപ്പുമാവ് | 200 ഗ്രാം | 22.00 | 20.00 | 20.00 |
| 25. | ഊണ് പച്ചരി (സാമ്പാർ, മോര്, രസം, പുളിശേരി, തോരൻ, അവിയൽ, അച്ചാർ) | | 55.00 | 50.00 | 50.00 |
| 26. | ഊണ് പുഴുക്കലരി (സാമ്പാർ, മോര്, രസം, പുളിശേരി, തോരൻ, അവിയൽ, അച്ചാർ) | | 52.00 | 48.00 | 48.00 |
| 27. | ആന്ധ്രാ ഊണ് | | 55.00 | 52.00 | 52.00 |
| 28. | വെജിറ്റബിൾ ബിരിയാണി | 350 ഗ്രാം | 55.00 | 50.00 | 50.00 |
| 29. | കഞ്ഞി (പയർ, അച്ചാർ ഉൾപ്പടെ) | 750 മില്ലി | 30.00 | 28.00 | 28.00 |
| 30. | വെജിറ്റബിൾ കുറുമ | 100 ഗ്രാം | 20.00 | 18.00 | 18.00 |
| 31. | ദാൽ കറി | 100 ഗ്രാം | 20.00 | 18.00 | 18.00 |
| 32. | കപ്പ | 350 ഗ്രാം | 30.00 | 28.00 | 28.00 |
| 33. | തൈര് സാദം | | 45.00 | 43.00 | 43.00 |
| 34. | നാരങ്ങാ സാദം | | 43.00 | 40.00 | 40.00 |

| | | | | | |
|---|---|---|---|---|---|
| 35. | പായസം | 75 മില്ലി | 15.00 | 12.00 | 12.00 |
| 36. | ഒനിയൻ ഊത്തപ്പം | 125 ഗ്രാം | 55.00 | 50.00 | 50.00 |
| 37. | റ്റൊമാറ്റൊ ഊത്തപ്പം | 125 ഗ്രാം | 55.00 | 50.00 | 50.00 |
| 38. | റ്റൊമാറ്റൊ ഫ്രൈ | 125 ഗ്രാം | 30.00 | 28.00 | 28.00 |
| 39. | തൈര് (ഒരു കപ്പ്) | | 12.00 | 10.00 | 10.00 |

## ശബരിമല തീർഥാടകർക്ക് കുടിവെള്ളം നൽകാൻ വിപുലമായ ക്രമീകരണം

ശബരിമലയിലെത്തുന്ന തീർഥാടകർക്ക് കുടിവെള്ളം നൽകാൻ വിപുലമായ ക്രമീകരണം ദേവസ്വം ബോർഡ് ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ബോർഡ് അംഗം അജയ് തറയിൽ പറഞ്ഞു. വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള കിയോസ്കുകളിലൂടെ എട്ടു മണിക്കൂറിൽ 27000 ലിറ്റർ വെള്ളം ലഭിക്കും. മുന്നൂറോളം പൈപ്പുകളിലൂടെയാണ് ജലം ലഭിക്കുക. ഇതിനു പുറമേ 40 കൗണ്ടറുകളിലൂടെ മണിക്കൂറിൽ 14000 ലിറ്റർ തിളപ്പിച്ച ചുക്കുവെള്ളവും തീർഥാടകർക്ക് ലഭിക്കും.

പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ ദേവസ്വം ബോർഡും ജലസേചന വകുപ്പും സംയുക്തമായി വേണ്ട ക്രമീകരണങ്ങൾ കുടിവെള്ളത്തിനായി ഒരുക്കിയിട്ടുണ്ട്. കുന്നാറിനെയും പമ്പയേയും ആശ്രയിച്ചാണ് ശബരിമലയിലെ ശുദ്ധജല വിതരണം നിലനിൽക്കുന്നതെന്ന് അജയ് തറയിൽ പറഞ്ഞു. മഴക്കുറവ് മൂലം ഇവിടെ നിന്നുള്ള ജലലഭ്യത കുറഞ്ഞ സാഹചര്യത്തിൽ ശുദ്ധജലം എത്തിക്കുന്നതിന് നടപടി സ്വീകരിക്കാൻ ജലസേചന വകുപ്പിനോട് ദേവസ്വം ബോർഡ് ആവശ്യപ്പെട്ടിട്ടുണ്ട്. വലിയ നടപ്പന്തലിൽ ക്യൂ നിൽക്കുന്ന തീർഥാടകർക്ക് ചുക്കുവെള്ളം ലോഹനിർമിത കാനുകളിൽ നിറച്ച് വിതരണം ചെയ്യും. കൂടുതൽ കുടിവെള്ള പൈപ്പുകളും ജലശുദ്ധീകരണ പ്ലാന്റുകളും സ്ഥാപിക്കാൻ നടപടിയെടുത്തിട്ടുണ്ട്. മണിക്കൂറിൽ 10000 ലിറ്റർ വെള്ളം ശുദ്ധീകരിക്കാൻ കഴിയുന്ന പ്ലാന്റിന്റെ നിർമാണം പാണ്ടിത്താവളത്ത് ആരംഭിച്ചതായും അജയ് തറയിൽ പറഞ്ഞു.

## ശബരിമല വിശേഷങ്ങളറിയാൻ പി.ആർ.ഡി ലൈവ്

ശബരിമലയുമായി ബന്ധപ്പെട്ട വിവരങ്ങളും വാർത്തയും ചിത്രങ്ങളും ഉൾപ്പെടുത്തി ഇൻഫർമേഷൻ-പബ്ലിക് റിലേഷൻസ് വകുപ്പിന്റെ നേതൃത്വത്തിൽ പി.ആർ.ഡി ലൈവ് മൊബൈൽ ആപ്ലിക്കേഷൻ തയാറാകുന്നു. മൊബൈൽ ആപ് ഉടൻതന്നെ ഗൂഗിൾ പ്ലേ സ്റ്റോറിൽ ലഭ്യമാവും. തീർഥാടകർക്കും പൊതുജനങ്ങൾക്കും ഇത് ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാം.

## ഫോട്ടോ അടിക്കുറിപ്പ്

1) എമർജൻസി റെസ്ക്യു വെഹിക്കിൾ ദേവസ്വം ബോർഡ് പ്രസിഡന്റ് പ്രയാർ ഗോപാലകൃഷ്ണനും അംഗം അജയ് തറയിലും ചേർന്ന് സ്വീകരിക്കുന്നു




(അവസാനിച്ചു)

ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്

## കേരള സർക്കാർ

### ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ<br>NOVEMBER 17 | 2016 |
|---|---|

## പത്രക്കുറിപ്പ്-2



### സ്വാമിയേ ശരണമയ്യപ്പ

www.prd.kerala.gov.in, diopta1@gmail.com ഫോൺ : 0468-2222657

## സന്നിധാനത്ത് പി.ആർ.ഡി മീഡിയ സെന്റർ

സന്നിധാനത്ത് ഇൻഫർമേഷൻ-പബ്ലിക് റിലേഷൻസ് വകുപ്പിന്റെ മീഡിയ സെന്റർ പ്രവർത്തനം തുടങ്ങി. പത്തനംതിട്ട ജില്ലാ ഇൻഫർമേഷൻ ഓഫീസർ കെ.മോഹനന്റെ നേതൃത്വത്തിലാണ് മീഡിയ സെന്റർ പ്രവർത്തിക്കുന്നത്. തിരുവിതാംകൂർ ദേവസ്വം ബോർഡ് അംഗങ്ങളായ അജയ് തറയിൽ, കെ.രാഘവൻ എന്നിവർ ചേർന്ന് മീഡിയ സെന്റർ ഉദ്ഘാടനം ചെയ്തു. ദേവസ്വം ചീഫ് എൻജിനിയർ വി.ശങ്കരൻപോറ്റി, എക്സിക്യുട്ടീവ് എൻജിനിയർ കൃഷ്ണകുമാർ, പിആർഒ മുരളി കോട്ടയ്ക്കകം, മാധ്യമ പ്രവർത്തകർ എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.

## ഫോട്ടോ അടിക്കുറിപ്പ്

2) സന്നിധാനത്ത് ഇൻഫർമേഷൻ-പബ്ലിക് റിലേഷൻസ് വകുപ്പിന്റെ മീഡിയ സെന്റർ ദേവസ്വം ബോർഡ് അംഗങ്ങളായ അജയ് തറയിൽ, കെ.രാഘവൻ എന്നിവർ ചേർന്ന് ഉദ്ഘാടനം ചെയ്യുന്നു




(അവസാനിച്ചു)

ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്